LIBRARY ARCHIVES Kerala Legislative Assembly

ജൈവ കൃഷിക്ക വേണ്ടിയുള്ള കേരള ബ്രാൻഡ് പദ്ധതി

143 (1556) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവ കൃഷിക്കുവേണ്ടിയുള്ള കേരള ബ്രാൻഡ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പ്രാദേശികയിനം പുതിയ ഉൽപ്പന്നങ്ങൾക്ക് ബ്രാൻഡ് അംഗീകാരം നേടിയെടുക്കുന്നതിന് എന്തൊക്കെ നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;

(സി) കേരള ബ്രാൻഡ് പദ്ധതി നടപ്പാക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ ; പത്തനംതിട്ട ജില്ലയെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്ക് സംസ്ഥാനം ഫണ്ട് വകയിരുത്തിയിട്ടുണ്ടോ ; കേന്ദ്രസഹായം ലഭ്യമാണോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) ജൈവ കൃഷിക്കുവേണ്ടി കേരള ബ്രാൻഡ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്. പ്രാദേശിക ഉല്പന്നങ്ങൾ മേന്മയനുസരിച്ച് അതിനു പ്രത്യേക ബ്രാൻഡ് നൽകി വിപണി വർദ്ധിപ്പിച്ച് കർഷകർക്ക് കൂടുതൽ വരുമാനം ഉണ്ടാക്കുക എന്നതാണ് ലക്ഷ്യം.

(സി) 10-10-2013-ലെ സ.ഉ. (സാധാ) നമ്പർ 1809/13/കൃഷി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വയനാട്, ഇടുക്കി ജില്ലകളിലെ ഓരോ താലൂക്ക് വീതം ജൈവ താലൂക്കുകളായി മാറ്റുവാൻ ഉത്തരവായിട്ടുണ്ട്.

(ഡി) 2013-14 സാമ്പത്തിക വർഷത്തിലും 2014-15 സാമ്പത്തിക വർഷത്തിലും ഉപധനാഭ്യർത്ഥനയിൽ 1000 രൂപ (ആയിരം രൂപ മാത്രം) ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിരുന്നു. കേന്ദ്രസഹായം ലഭ്യമായിട്ടില്ല.

തൃശ്ശൂർ മലപ്പുറം ജില്ലകളിലെ കോൾപാടശേഖരങ്ങൾ

144 (1558) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ കോൾപാടശേഖരങ്ങൾക്കായി എത്ര കോടി രൂപയുടെ പദ്ധതിക്കാണ് അംഗീകാരം നൽകിയതെന്ന് അറിയിക്കാമോ ;